ഉത്തരം

സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നമുറയ്ക്കു കെട്ടിടം പണിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അട്ടപ്പാടിയിലെ അദ്ധ്യാപകർക്കു കമ്പിളിത്തുണി വാങ്ങുവാനുള്ള അലവൻസ്

1199 [2165] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കു കമ്പിളിത്തുണി വാങ്ങുവാനുള്ള അലവൻസ് നൽകാറുണ്ടോ;

(ബി) ഇത് ഏറ്റവും ഒടുവിൽ നൽകിയത് എന്നാണ്;

(സി) ഈ അദ്ധ്യയനവർഷത്തിലെ തുക അടിയന്തിരമായി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഒരു ഉദ്യോഗസ്ഥൻ പ്രസ്തുത അലവൻസിനു അർഹനാകുന്നമുറയ്ക്കു അതു അനുവദിച്ചുവരുകയാണു ചെയ്യുന്നത്. ഇതു തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നതിനാൽ അവസാനമായി നൽകിയ തീയതി പറയുവാൻ സാദ്ധ്യമാകുന്നതല്ല.

(സി) അദ്ധ്യാപകർക്കു അർഹമാകുന്ന മുറയ്ക്കുതന്നെ അലവൻസ് വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

പൈക്കത്തെ ഗവ. വെസ്റ്റ് ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണം

1200 [2166] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിച്ചു കൊടുക്കുക എന്ന പദ്ധതിയനുസരിച്ചു പൈക്കത്തെ ഗവ. വെസ്റ്റ് ഹൈസ്കൂളിനു ഒരു കെട്ടിടം നിർമ്മിച്ചു കിട്ടണം എന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിസ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഇല്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്കു നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly